KERALA AGRICULTURAL UNIVERSITY

Kelappaji College of Agricultural Engineering & Technology, Tavanur.

No. C3 -5901/18 Date: 12/10/2022

## NOTICE

Sub: KCAET, Tavanur - Central Sector Scholarship Application– reg.

Ref: Notification No. Q 4/43242/2022/DCE (I) dated 20/09/2022 of Director of Collegiate Education, Thiruvananthapuram

--------------

All the students who are eligible for Central Sector Scholarship (Fresh/ Renewal) should apply online through National Scholarship Portal ( www.scholarships.gov.in ) as per the guidelines and submit the application printout and supporting documents to this office on or before **31/10/2022** for completing institution level verification (Guidelines and application format are enclosed). **As per Government norms only one scholarship can be availed at a time.**

Sd/-
Dean of faculty (Agrl. Engg.)

To

Academic Officer (UG / PG),
Students' Notice Board (College / LH / MH ), College Website.

//Approved for Issue//

Section Officer

4/43242/2022/DCE (I)

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 20.09.2022

5384/22

C2
30/9

**വിജ്ഞാപനം**

വിഷയം:- കോ.വി.വ- തിരുവനന്തപുരം - 2022-23 അക്കാദമിക് വർഷത്തെ സെൻട്രൽ സെക്ടർ സ്കോളർഷിപ്പിനുള്ള ഫ്രെഷ്/റിന്യൂവൽ അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന :- ഉന്നത വിദ്യാഭ്യാസ വകുപ്പിൻറെ PFA O.M No. D-12011/03/2022-DBT നമ്പർ കത്ത്.

**********

കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം കോളേജ്/സർവ്വകലാശാല വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന 2022-23 അദ്ധ്യയന വർഷത്തിലെ സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് (ഫ്രെഷ്/റിന്യൂവൽ) അപേക്ഷകൾ ഓൺലൈനായി ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകർ നാഷണൽ സ്കോളർഷിപ്പ് പോർട്ടലായ www.scholarships.gov.in എന്ന വെബ്സൈറ്റ് വഴി ഫ്രെഷ്/റിന്യൂവൽ സ്കോളർഷിപ്പ് അപേക്ഷിക്കാവുന്നതാണ്. അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി 31-10-2022. കേന്ദ്ര ഗവൺമെൻറിൻറെ താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടായിരിക്കും സ്കോളർഷിപ്പനുവദിക്കുന്നത്.

**സ്കോളർഷിപ്പ് ഫ്രെഷായി അപേക്ഷിക്കാനുള്ള മാനദണ്ഡം**

1. അപേക്ഷകർ കേരള സ്റ്റേറ്റ് ഹയർ സെക്കൻഡറി/വൊക്കേഷൻ ഹയർ സെക്കൻഡറി ബോർഡുകൾ നടത്തിയ 2022 ലെ 12-ാം ക്ലാസ്സ് പരീക്ഷയിൽ 80 പേഴ്സെൻറൈലിൽ കൂടുതൽ മാർക്കുവാങ്ങി വിജയിച്ചവരും ഏതെങ്കിലും റഗുലർ ബിരുദ കോഴ്സിന് ഒന്നാം വർഷം ചേർന്നവരുമായിരിക്കണം. കറസ്പോണ്ടൻസ് കോഴ്സിനോ ഡിസ്റ്റൻസ് കോഴ്സിനോ ഡിപ്ലോമാ കോഴ്സിനോ ചേർന്നവർക്ക് ഈ സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ സാധിക്കുകയില്ല. പ്രായം 18-25 നും മദ്ധ്യേയായിരിക്കണം.

2. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം ആകെ 4.5 ലക്ഷം കവിയരുത്. അപേക്ഷകർ ഓൺലൈനായി അപേക്ഷിച്ച അപേക്ഷയുടെ പ്രിൻറൗട്ട്, വരുമാന സർട്ടിഫിക്കറ്റ്, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, സ്ഥാപന മേധാവിയിൽ നിന്നുള്ള പ്രവേശന റിപ്പോർട്ട് എന്നിവ സഹിതം കോളേജിൽ സമർപ്പിക്കേണ്ടതാണ്. ഫ്രെഷ് അപേക്ഷകർക്കുമാത്രമേ വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതുള്ളൂ.

3. മറ്റേതെങ്കിലും സ്കോളർഷിപ്പുകൾ വാങ്ങുന്നവർ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹരല്ല.

4. ആകെ സ്കോളർഷിപ്പിൻറെ 50% പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. 15% സ്കോളർഷിപ്പുകൾ എസ്.സി വിഭാഗത്തിനും 7.5% സ്കോളർഷിപ്പുകൾ എസ്.ടി വിഭാഗത്തിനും 27% സ്കോളർഷിപ്പുകൾ ഒ.ബി.സി വിഭാഗത്തിനും ഓരോ വിഭാഗത്തിലും 5% ഭിന്നശേഷി വിഭാഗത്തിനും നീക്കി വച്ചിരിക്കുന്നു.

5. ബിരുദതലം മുതൽ (പ്രൊഫഷണൽ കോഴ്സുൾപ്പെടെ) പരമാവധി 5 വർഷത്തേക്ക് നൽകുന്നു. സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റീസ് വിഷയങ്ങൾക്ക് 3:3:1 എന്ന അനുപാതത്തിലാണ് സ്റ്റേറ്റ് ബോർഡ് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നത്. ബിരുദതലത്തിൽ ഒരു വർഷം 12,000 രൂപയും ബിരുദാനന്തര ബിരുദതലത്തിൽ ഒരു വർഷം 20,000 രൂപയുമാണ് സ്കോളർഷിപ്പ് തുക.

PTO

6. സ്കോളർഷിപ്പിന് അപേക്ഷിച്ച് മെറിറ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ തുടർ വർഷങ്ങളിൽ സ്കോളർഷ... ലഭിക്കുന്നതിനായി ഓരോ വർഷങ്ങളിലും സ്കോളർഷിപ്പ് പുതുക്കേണ്ടതാണ്.

<u>സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് പുതുക്കുവാനുള്ള മാനദണ്ഡം</u>

1. റിന്യൂവൽ ചെയ്യുന്നതിനായി വാർഷിക പരീക്ഷയിൽ 50% മാർക്ക് ലഭിച്ചിരിക്കണം.

2. 75% അറ്റൻഡൻസ് ഉണ്ടായിരിക്കണം.

3. റിന്യൂവൽ ചെയ്യുന്ന വിദ്യാർത്ഥികൾ വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതില്ല.

4. അപേക്ഷകർ ഓൺലൈനായി റിന്യൂവൽ ചെയ്യാൻകഴിയാതെ വന്നാൽ തുടർ വർഷങ്ങളിൽ റിന്യൂവൽ ചെയ്യാവുന്നതാണ്. എന്നാൽ അപേക്ഷകർ റിന്യൂവൽ മാനദണ്ഡങ്ങൾ പാലിച്ചിരിക്കണം.

<u>സ്കോളർഷിപ് സംബന്ധിച്ച പൊതുവായ വ്യവസ്ഥകൾ</u>

1. അപേക്ഷകർക്ക് നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ് കോമേഴ്സ്യൽ ബാങ്കുകളിൽ ഏതെങ്കിലും ഒന്നിൽ സ്വന്തം പേരിൽ ആക്ടീവായ ആധാർ ലിങ്ക് ചെയ്തിട്ടുള്ള സേവിങ്സ് ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം.

2. സ്കോളർഷിപ്പിന് അർഹരാകുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക കേന്ദ്ര ഗവൺമെൻറ് നേരിട്ട് (DBT ) വിദ്യാർത്ഥികളുടെ ആക്ടീവ് ആയ ആധാർ ലിങ്ക്ഡ് ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തു നൽകുന്നതാണ്.

3. വിദ്യാർത്ഥികൾ ഓൺലൈൻ ആയി അപേക്ഷിച്ച ശേഷമുള്ള അപേക്ഷ ഫോമിന്റെ പ്രിന്റൗട്ട്, മുഴുവൻ അനുബന്ധ രേഖകളുടെ പകർപ്പുകൾ സഹിതം പഠിക്കുന്ന സ്ഥാപനത്തിൽ നിർബന്ധമായും 5 ദിവസത്തിനകം ഏല്പിക്കേണ്ടതാണ്. സമർപ്പിക്കാത്തവരുടെ അപേക്ഷകൾ ഡിഫെക്ട് ചെയ്യുന്നതാണ്.

4. ഓൺലൈനായി ഇൻസ്റ്റിട്യൂട്ടിന്റെ പ്രൊഫൈലിൽ ലഭിച്ചിരിക്കുന്ന അപേക്ഷകളുടെ ഹാർഡ്കോപ്പി വിദ്യാർത്ഥികളിൽ നിന്നും വാങ്ങി 10 ദിവസത്തിനുള്ളിൽ ഓൺലൈൻ അപേക്ഷയിൽ നൽകിയിരിക്കുന്ന വിവരങ്ങളുമായി <u>ഒത്തു</u> നോക്കി പരിശോധിച്ച ശേഷം ഓൺലൈൻ അപേക്ഷ INO തല വെരിഫിക്കേഷൻ ചെയ്തു വിടേണ്ടതും ഹാർഡ്കോപ്പി അതാത് സ്ഥാപനത്തിൽ സൂക്ഷിച്ചു വെക്കേണ്ടതുമാണ്. ആയത് ഫിസിക്കൽ വെരിഫിക്കേഷൻ <u>സമയത്തു</u> പരിശോധിക്കുന്നതുമാണ്. പരിശോധന <u>സമയത്തു</u> അപാകതകളുണ്ടെന്നു ബോധ്യപ്പെട്ടാൽ വിദ്യാർത്ഥികളുടെ സ്കോളർഷിപ് ക്യാൻസൽ ചെയ്യുകയും നോഡൽ ഓഫീസർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ്. INO തല വെരിഫിക്കേഷന്റെ അവസാന തിയ്യതിക്കുള്ളിൽ വെരിഫിക്കേഷൻ നടത്തിയിട്ടില്ലാത്ത ഒരു അപേക്ഷയും ഉണ്ടാകാൻ പാടില്ല.

വിശദ വിവരങ്ങൾക്ക് താഴെ അറ്റാച്ച് ചെയ്തിരിക്കുന്ന ഗൈഡ് ലൈൻസ് പരിശോധിക്കുക. (നാഷണൽ സ്കോളർഷിപ്പ് വെബ്സൈറ്റിലും ലഭ്യമാണ്)

Approval Valid

Digitally Approved By
മനോമോഹൻ കെ
Date: [illegible] 2022
Reason: Approved

ഒപ്പ്/-
മനോമോഹൻ കെ
സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്

# APPLICATION FORMAT

From

Name

Admission No.

Course & Branch

Contact No.

Day Scholar / Hosteler

To

The Dean of faculty (Agrl. Engg.)

KCAET, Tavanur.

Sir,

Sub : Application for Central Sector Scholarship -reg

-----------

I am enclosing herewith the application printout and supporting documents in order to complete institution level verification for Central Sector Scholarship. I request you to take necessary action for availing scholarship to me. **I hereby declare that I amnot availing any other scholarship.**

Yours faithfully,

Date:

Place:

(Name & Signature of the student)

**(Recommended by Academic Officer )**